പാഠം – 1

# നമുക്കും എബ്രായർക്കുമുള്ള കത്ത്

## ശബ്ബത്ത് സായാഹ്നം

**ഈയാഴ്ചയിലെ പഠനത്തിന്: എബ്രാ. 2:3,4; 1 പത്രൊസ് 4:14,16; എബ്രാ. 13:1–9,13; 1 രാജാ. 19:1–18; എബ്രാ. 3:12–14; സംഖ്യാ. 13.**

**മനഃപാഠവാക്യം: "ദൈവേഷ്ടം ചെയ്തു വാഗ്ദത്തം പ്രാപിപ്പാൻ സഹിഷ്ണുത നിങ്ങൾക്ക് ആവശ്യം" (എബ്രാ. 10:36).**

യേശുവോ അപ്പൊസ്തലന്മാരിൽ ഒരാളോ പ്രസംഗിക്കുന്നത് കേട്ടിരുന്നെങ്കിൽ എങ്ങനെയിരിക്കും എന്ന് നിങ്ങൾ ഭാവന ചെയ്തിട്ടുണ്ടോ? അവരുടെ പ്രസംഗങ്ങളുടെ സംഗ്രഹങ്ങളും എഴുതപ്പെട്ട ഉദ്ധരണികളും നമ്മുടെ കൈവശമുണ്ട്. എന്നാൽ ഇവ നമുക്ക് നല്കുന്നത് അവരെ കേൾക്കുന്നതിന്റെ പരിമിതമായ ഒരു ആശയം മാത്രമാണ്. എന്നിരുന്നാലും ദൈവം നമുക്കായി ഒരു മുഴുവൻ പ്രസംഗം തിരുവെഴുത്തുകളിൽ സൂക്ഷിച്ചുവച്ചിരുന്നു: എബ്രായർക്കുള്ള പൗലൊസിന്റെ ലേഖനം.

എബ്രായരുടെ രചയിതാവായ പൗലൊസ് തന്നെ അവന്റെ സ്വന്തം എഴുത്തിനെ "ഉദ്ബോധനത്തിന്റെ ഒരു വാക്ക്" എന്നാണ് പ്രതിപാദിച്ചിരിക്കുന്നത് (എബ്രാ. 13:22). ഈ പദപ്രയോഗമാണ് ആ പ്രസംഗത്തെ തിരിച്ചറിയാനായി ഉപയോഗിച്ചിരുന്നത്, ജൂതപ്പള്ളിയിലും (അ.പ്ര. 13:15) ക്രിസ്തീയ ആരാധനയിലും (1 തിമൊ. 4:13). നമുക്കുള്ള "ആദിമ പൂർണ്ണ ക്രിസ്തീയ പ്രസംഗം" എബ്രായരാണ് എന്ന വാദവുമുണ്ട്. ക്രിസ്തുവിനെ സ്വീകരിക്കയും എന്നാൽ പിന്നീട് ബുദ്ധിമുട്ടുകൾ നേരിടുകയും ചെയ്ത വിശ്വാസികളെയാണ് എബ്രായർ അഭിസംബോധന ചെയ്യുന്നത്. യേശുവിനെ സ്വീകരിക്കയും പിന്നീട് കഷ്ടം അനുഭവിക്കുകയും ചെയ്ത വിശ്വാസികളെയാണ് എബ്രായർ അഭിസംബോധന ചെയ്യുന്നത്.

ചിലർ പരസ്യമായി ആക്ഷേപിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്തു (എബ്രാ. 10:32–34). മറ്റുള്ളവർ സാമ്പത്തിക പ്രശ്നങ്ങൾ നേരിട്ടു (എബ്രാ. 13:5,6). അനേകർ ക്ഷീണിതരാകുകയും അവരുടെ വിശ്വാസത്തെ ചോദ്യം ചെയ്യാനും തുടങ്ങിയിരുന്നു (എബ്രാ. 3:12,13). ഇന്ന് നമ്മിൽ ആർക്കെങ്കിലും ഇതുമായി താദാത്മ്യം പ്രാപിക്കാനാകുമോ?

എന്നിരുന്നാലും അപ്പൊസ്തലൻ ആത്മാവിനെ ചലിപ്പിക്കുന്ന ഒരു പ്രസംഗത്തിൽ അവരെ (തുടർച്ചയായി നമ്മളെയും) യേശുവിലുള്ള വിശ്വാസം നിലനിർത്തുന്നതിനും ഇപ്പോൾ സ്വർഗ്ഗത്തിലുള്ള യേശുവിന്മേൽ അവരുടെ കണ്ണുകളെ ഉറപ്പിക്കാനും ആഹ്വാനം ചെയ്തു.

***ഈ ആഴ്ചയിലെ പാഠം പഠിച്ച് ജനുവരി 1 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## ഒരു മഹത്വകരമായ തുടക്കം

ആ പ്രസംഗം മനസ്സിലാക്കുന്നതിനും അതിന്റെ ദൂത് നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കുന്നതിനും നാം സദസ്സിന്റെ ചരിത്രവും അപ്പൊസ്തലനിൽനിന്ന് അവർക്ക് ലേഖനം ലഭിച്ച സാഹചര്യവും മനസ്സിലാക്കണം.

**വായിക്കുക എബ്രാ. 2:3,4. അവർ ആദ്യം മാനസാന്തരപ്പെട്ടപ്പോൾ എബ്രായരുടെ സദസ്സിന്റെ അനുഭവം എന്തായിരുന്നു?**

ഈ പാഠഭാഗം സൂചിപ്പിക്കുന്നത് എബ്രായരുടെ സദസ്സ് യേശു പ്രസംഗിക്കുന്നത് കേട്ടിട്ടില്ല എന്നാണ്; പകരം അവർക്ക് സുവിശേഷം ലഭിച്ചത് അവരോട് "രക്ഷയുടെ" വാർത്ത പ്രഖ്യാപിച്ച മറ്റ് സുവിശേഷകരിൽ നിന്നാണ്.

സുവിശേഷകൻ അവരോട് ദൂത് "ഉറപ്പിച്ചുവെന്നും" ദൈവം തന്നെ "അത്ഭുതങ്ങളാലും അടയാളങ്ങളാലും" (എബ്രാ. 2:3) സാക്ഷ്യം വഹിച്ചു എന്നും പൗലൊസ് പറയുന്നു. ഇതിനർത്ഥം അടയാളങ്ങളാലും മറ്റ് ശക്തമായ പ്രവൃത്തികളാലും ദൈവം അവർക്ക് അനുഭവങ്ങളാലുള്ള ഉറപ്പ് നല്കിയെന്നാണ്. അതിൽ തന്നെ "പരിശുദ്ധാത്മാവിന്റെ ദാനങ്ങളുടെ" വിതരണവും (എബ്രാ. 2:3). പുതിയ സ്ഥലങ്ങളിലുള്ള സുവിശേഷ പ്രസംഗങ്ങളിൽ അത്ഭുതകരമായ രോഗസൗഖ്യം, ഭൂതങ്ങളെ പുറത്താക്കൽ, ആത്മീയ ദാനങ്ങൾ പകരുക പോലുള്ള അടയാളങ്ങൾ സംഭവിച്ചുവെന്ന് പുതിയനിയമം പറയുന്നു.

ക്രിസ്തീയ സഭയുടെ ആരംഭത്തിൽ, അപ്പൊസ്തലന്മാരുടെമേൽ യെരൂശലേമിൽവെച്ച് ദൈവം തന്റെ ആത്മാവിനെ പകരുകയും അവർക്ക് മുൻപരിചയമില്ലാതിരുന്ന ഭാഷകളിൽ സുവിശേഷം പ്രസംഗിക്കുകയും അത്ഭുതങ്ങൾ ചെയ്യാനും കഴിഞ്ഞു (അ.പ്ര. 2,3). ശമര്യയിൽ സമാധാനമായ അത്ഭുതങ്ങൾ ഫിലിപ്പൊസും ചെയ്തു (അ.പ്ര. 8). കൈസര്യയിലും ലോപ്പയിലും പത്രൊസും (അ.പ്ര. 9,10) യൂറോപ്പിലും ഏഷ്യ മൈനറിലുടനീളം പൗലൊസും അതുതന്നെ ചെയ്തു (അ.പ്ര. 13-28). ഈ ശക്തമായ അനഭവസമ്പത്ത് നിറഞ്ഞ പ്രവൃത്തികൾ "രക്ഷയുടെ" ദൂത് ഉറപ്പിച്ച തെളിവുകളാണ് - ദൈവരാജ്യത്തിന്റെ സ്ഥാപനവും ശിക്ഷയിൽനിന്നുള്ള രക്ഷയും ദുഷ്ടശക്തികളിൽ നിന്നുള്ള വിടുതലും (എബ്രാ. 12:25-29).

ആദ്യവിശ്വാസികൾക്ക് അവരുടെ പാപങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നു എന്ന ബോധ്യം ആത്മാവ് നല്കി; അപ്രകാരം, അവർ ന്യായവിധിയെ ഭയക്കാതിരിക്കുകയും തത്ഫലമായി അവരുടെ പ്രാർത്ഥനകൾ ധീരവും ആത്മവിശ്വാസം നിറഞ്ഞതും ആയിരുന്നു. അവരുടെ മതപരമായ അനുഭവങ്ങൾ സന്തോഷകരവും (അ.പ്ര. 2:37-47). ദുഷ്ടശക്തികൾക്ക് അടിമപ്പെട്ടിരുന്നവരെയും ആത്മാവ് വിടുവിച്ചു, ഇത് തിന്മയുടെ ശക്തികൾക്കുമേലുള്ള ദൈവത്തിന്റെ മേൽക്കോയ്മയുടെ വെല്ലുവിളി ഉയർത്തുന്ന തെളിവായിരുന്നു. അവരുടെ ജീവിതങ്ങളിൽ ദൈവരാജ്യം സ്ഥാപിതമായി എന്നു വെളിവാക്കുകയും ചെയ്തു.

**നിങ്ങളുടെ മാനസാന്തരത്തിന്റെ കഥ എന്താണ്? ഏതെല്ലാം മാർഗ്ഗങ്ങളിലാണ് യേശുക്രിസ്തു നിങ്ങളുടെ കർത്താവും രക്ഷിതാവും ആണെന്ന് നിങ്ങളുടെ നിശ്ചയത്തെയും വിശ്വാസത്തെയും ഉറപ്പിച്ചിരിക്കുന്നത്? ദൈവം എങ്ങനെയാണ് ആദ്യമായി നിങ്ങളുടെ ജീവിതത്തിൽ പ്രവർത്തിക്കുകയും അവനിലേക്ക് കൊണ്ടുവരികയും ചെയ്തത് എന്ന് ഇടയ്ക്കൊക്കെ ഓർക്കുന്നത് എന്തുകൊണ്ട് നല്ലതായിരിക്കും?**

## ആ പോരാട്ടം

വിശ്വാസികൾ ക്രിസ്തുവിലുള്ള അവരുടെ വിശ്വാസം ഏറ്റുപറകയും സഭയിൽ ചേരുകയും ചെയ്തപ്പോൾ സമൂഹത്തിലെ മറ്റുള്ളവരിൽനിന്നും അവരെ വേർതിരിച്ചുകാണിക്കുന്ന ഒരു അതിർവരമ്പ് അവർ പാലിച്ചു. നിർഭാഗ്യവശാൽ, ഇത് സംഘർഷത്തിന്റെ ഒരു ഉറവിടമായി മാറി. കാരണം ഇത് അവരുടെ സമൂഹത്തിനുമേലും അതിന്റെ മൂല്യങ്ങൾക്കുമേലും വ്യക്തമായ ഒരു നിഷേധാത്മകമായ വിധിക്കു കാരണമായി.

**വായിക്കുക: എബ്രാ. 10:32–34 ഉം എബ്രാ. 13:3 ഉം അവരുടെ മാനസാന്തരത്തിനു ശേഷം എബ്രായരുടെ സദസ്സിന്റെ അനുഭവം എന്തായിരുന്നു?**

എതിരാളികളാൽ (അ.പ്ര. 16:19–22; 17:1–9) ഇറക്കിവിടപ്പെട്ട ജനക്കൂട്ടത്താൽ വാക്കാലും ശാരീരികമായും എബ്രായരുടെ വായനക്കാർ കഷ്ടം അനുഭവിച്ചു എന്നത് സാധ്യമാണ്. അവർ തടവിലാക്കപ്പെടുകയും മർദ്ദിക്കപ്പെടുകയും ചെയ്തു. കാരണം അധികാരികൾക്ക് ശിക്ഷ നല്കാനും തടവിലാക്കാനുമുള്ള അധികാരമുണ്ടായിരുന്നു. മിക്കപ്പോഴും നിയമാനുസൃത നടപടികൾ ഒന്നും പാലിക്കാതെ തന്നെ പിന്നീട് അവർ അതിന് തെളിവുകൾ ശേഖരിച്ചു (ഉദാ: അ.പ്ര. 16:22,23).

**വായിക്കുക: എബ്രായർ 11:24–26 ഉം 1 പത്രൊസ് 4:14,16 ഉം എന്തുകൊണ്ടാണ് ക്രിസ്തീയ വിശ്വാസികൾ പീഡിപ്പിക്കപ്പെട്ടത് എന്ന് മനസ്സിലാക്കുന്നതിൽ മേശെയുടെയും 1 പത്രൊസിന്റെ വായനക്കാരുടെയും അനുഭവങ്ങൾ നമ്മെ എങ്ങനെ സഹായിക്കുന്നു.**

"ക്രിസ്തുവിന്റെ നിന്ദ വഹിക്കുക" എന്നതിന്റെ അർത്ഥം ഒരുവൻ ക്രിസ്തുവുമായി ഒന്നായിച്ചേർന്ന് ഈ കൂട്ടുകെട്ട് സൂചിപ്പിക്കുന്ന ലജ്ജയും ഉപദ്രവവും സഹിക്കുക എന്നതാണ്. ക്രിസ്ത്യാനികൾക്കെതിരെയുള്ള പൊതു ശത്രുത ആയിരുന്നു അവരുടെ വേറിട്ട മതപരമായ പ്രതിബദ്ധതയുടെ ഫലം. അവർക്ക് മനസ്സിലാകാത്ത മതാചാരങ്ങൾ കണ്ട് ജനങ്ങൾക്ക് നീരസം ഉണ്ടാകാം അവരുടെ ജീവിതശൈലിയും ധാർമ്മികതയും അവർക്ക് ലജ്ജയും കുറ്റബോധവും വരുത്താം. എ.ഡി. ആദ്യനൂറ്റാണ്ടിന്റെ പകുതിയോടുകൂടി ക്രിസ്ത്യാനികൾ "മാനവരാശിക്ക് എതിരെയുള്ള വിദ്വേഷത്തിന്" ക്രിസ്ത്യാനികൾ കുറ്റക്കാരാണെന്ന് ടാസിറ്റസ് കണക്കാക്കി (The complete work of Tacitus. Newyork. The Modern Library, 1942). ആ ആരോപണത്തിനുള്ള കൃത്യമായ കാരണം എന്തുതന്നെയായാലും അതു വ്യാജമാണ്. അനേകം ആദിമ ക്രിസ്ത്യാനികൾ, ഈ ലേഖനം പൗലൊസ് ആർക്കാണോ എഴുതിയത് അവരെപ്പോലുള്ളവർ അവരുടെ വിശ്വാസത്തിനുവേണ്ടി കഷ്ടപ്പെടുകയായിരുന്നു.

**ഏവരും ഒരു ക്രിസ്ത്യാനിയാണെങ്കിലും അല്ലെങ്കിലും കഷ്ടപ്പെടുന്നു. എന്നിരുന്നാലും ക്രിസ്തുവിനുവേണ്ടി കഷ്ടം സഹിക്കുക എന്നതിന്റെ അർത്ഥമെന്താണ്? നാം നേരിടുന്നതിൽ എത്ര കാഴ്ചപ്പാടാണ് ക്രിസ്തുവിനുവേണ്ടിയുള്ളത്. എത്രത്തോളമാണ് നമ്മുടെ സ്വന്തം തിരഞ്ഞെടുപ്പ് മുഖാന്തരമുള്ളത്?**

## അസ്വസ്ഥത

ക്രിസ്തുവിനോടുള്ള അവരുടെ സമർപ്പണവും വിശ്വാസവും കാക്കുന്നതിൽ എബ്രായരുടെ വായനക്കാർ വിജയികളായിരുന്നു. പീഡനവും തള്ളിക്കളയലും ഉണ്ടായിട്ടുകൂടി. എന്നിരുന്നാലും, ആ സംഘർഷം അവരുടെ നീണ്ട യാത്രയിൽ ഒരു വിപരീതഫലം ഉളവാക്കി.

**വായിക്കുക: എബ്രാ. 2:18; 3:12; 4:15; 10:25; 12:3,12,13; 13: 1-9,13. വിശ്വാസികൾ നേരിട്ടിരുന്ന വെല്ലുവിളികളിൽ ചിലത് എന്തായിരുന്നു?**

എബ്രായർ നമ്മോടു പറയുന്നത് വിശ്വാസികൾ തുടർന്നും കഷ്ടം അനുഭവിച്ചുവെന്നാണ്. വാക്കാലുള്ളതും ഒരുപക്ഷേ അവരുടെ അഭിമാനത്തിനും എതിരെ മറ്റു തരത്തിലുള്ള ആക്രമണങ്ങളും (എബ്രാ. 13:13). ചില വിശ്വാസികൾ ഇപ്പോഴും തടവിലായിരുന്നു (എബ്രാ. 13:3). അവരുടെ സഭയെ മനഃശാസ്ത്രപരമായും സാമ്പത്തികമായും തളർത്തിയത് അവർ ക്ഷീണിതരായിരുന്നു (എബ്രാ. 12:12,13). അതിനാൽ തന്നെ വേഗത്തിൽ “നിരാശരുമായി” (എബ്രാ. 12:3).

വിജയത്തിന്റെ അത്യാനന്ദം ഒക്കെ കഴിയുമ്പോൾ, മനഃശാസ്ത്രപരവും മറ്റു തരത്തിലുള്ളതുമായ പ്രതിരോധങ്ങൾ അയയുകയും ജനങ്ങൾ അവരുടെ ശത്രുക്കളുടെ പ്രത്യാക്രമണത്തിൽ കൂടുതൽ ദുർബലരാകുന്നത് സമൂഹങ്ങൾക്കും വ്യക്തികൾക്കും സാധാരണമാണ്. വരുവാനുള്ള ഒരു ഭീഷണിയെ നേരിടുന്നതിന് സ്വരുക്കൂട്ടിയ ശക്തി രണ്ടാമതൊരു പ്രാവശ്യം വിളിച്ചുവരുത്തുവാൻ ബുദ്ധിമുട്ടാണ്.

**വായിക്കുക: 1 രാജാ. 19:1-4. ഏലീയാവിന് എന്തു സംഭവിച്ചു?**

ഉറച്ച വിശ്വാസത്തെയും തിളക്കമാർന്ന വിജയത്തെയും അടിക്കടി പിന്തുടരുന്ന ഒരു പ്രതികരണം ഏലീയാവിന്റെ മേൽ ഉണ്ടാകുകയായിരുന്നു. കർമ്മേൽ പർവ്വതത്തിൽ ആരംഭിച്ച നവോത്ഥാനം നീണ്ടുനില്ക്കില്ല എന്ന് അവൻ ഭയപ്പെട്ടു. വിഷാദം അവനെ പിടികൂടി. അവൻ പിസ്ഗാ മലമുകളോളം ഉയർത്തപ്പെട്ടു. എന്നാൽ ഇപ്പോൾ അവൻ താഴ്വരയിലാണ്. സർവ്വശക്തന്റെ പ്രചോദനം ഉണ്ടായിരുന്നപ്പോൾ, അവൻ ഏറ്റവും കടുത്ത വിശ്വാസ പരീക്ഷയെ അതിജീവിച്ചു; എന്നാൽ ഇപ്പോൾ ഈ നിരാശയുടെ സമയത്ത്, ഈസബേലിന്റെ ഭീഷണി അവന്റെ കാതുകളിൽ മുഴങ്ങിയപ്പോൾ, ഈ ദുഷ്ട സ്ത്രീയുടെ ഗൂഢാലോചനയിലൂടെ പ്രത്യക്ഷമായി. സാത്താൻ പ്രാപല്യത്തിലായിരുന്നപ്പോൾ, ദൈവത്തിലുള്ള അവന്റെ ആശ്രയം നഷ്ടമായി. അളവിൽ കവിഞ്ഞ് അവൻ ഉയർത്തപ്പെട്ടു. പ്രതികരണം വളരെ വലിയതായിരുന്നു. ദൈവത്തെ മറന്നുകൊണ്ട്, പാഴും ശൂന്യവുമായ ഒരിടത്ത് എത്തുന്നതുവരെ അവൻ ഓടിക്കൊണ്ടേയിരുന്നു, ഏകനായി - എലൻ ജി. വൈറ്റ്, രാജാക്കന്മാരും പ്രവാചകന്മാരും പേജ് 161,162.

**നിങ്ങളുടെ ക്രിസ്തീയ ജീവിതത്തിൽ നിങ്ങൾ പരാജിതരായ ആ സമയങ്ങളെക്കുറിച്ച് ചിന്തിക്കുകയും ആ വീഴ്ചയിലേക്ക് നയിച്ച ഘടകങ്ങളെയും സാഹചര്യങ്ങളെയും മനസ്സിലാക്കുക. എന്തായിരുന്നു നിങ്ങൾക്ക് വ്യത്യസ്തമായി ചെയ്യാമായിരുന്നത്?**

## ഒന്നിച്ച് മുന്നേറുക

അവരുടെ സാഹചര്യത്തിന്റെ കാഴ്ചപ്പാടിൽ എന്തുചെയ്യാനാണ് അപ്പൊസ്തലൻ വായനക്കാരെ ഉപദേശിച്ചത്? നമ്മുടെ സ്വന്തം പ്രയോജനത്തിനായി എബ്രായരിൽനിന്ന് നമുക്ക് എന്താണ് പഠിക്കാൻ കഴിയുക? അവന്റെ നിരാശയിൽനിന്നും കരകയറാൻ ദൈവം ഏലീയാവിനെ എങ്ങനെ സഹായിച്ചു എന്ന് നമുക്കു വിശകലനം ചെയ്യാം.

**വായിക്കുക: 1 രാജ. 19:5–18. അവന്റെ ദാസനായ ഏലീയാവിന്റെ വിശ്വാസം പുനഃസ്ഥാപിക്കാൻ ദൈവം എന്ത് ചെയ്തു?**

ഏലീയാവുമായുള്ള ദൈവത്തിന്റെ ഇടപാടുകളുടെ കഥ മോഹിപ്പിക്കുന്നതാണ്. കാരണം, വിശ്വാസം വീണ്ടെടുക്കാനായി പോരാടുന്നവരോടും കഷ്ടത്തിലായിരിക്കുന്നവരോടും ദൈവം ശുശ്രൂഷിക്കുന്ന ആർദ്രമായ കരുതലും ജ്ഞാനവും അതു കാണിക്കുന്നു. ദൈവം ഏലീയാവിനായി നിരവധി കാര്യങ്ങൾ ചെയ്തു. ഒന്നാമതായി, അവൻ അവന്റെ ശാരീരിക കാര്യങ്ങൾക്കായി കരുതി, അവന് ഭക്ഷണം നല്കുകയും വിശ്രമം അനുവദിക്കയും ചെയ്തു. പിന്നീട് ഗുഹയിൽ ദയയോടെ ശാസിച്ചു – ഏലീയാവേ, നീ ഇവിടെ എന്തു ചെയ്യുന്നു? (1 രാജാ. 19:9). കൂടാതെ അവൻ എങ്ങനെ പ്രവർത്തിക്കുന്നു എന്നും അവന്റെ ഉദ്ദേശ്യങ്ങൾ എങ്ങനെ നിറവേറുന്നു എന്നും ആഴത്തിലുള്ള ഒരു തിരിച്ചറിവ് ഉണ്ടാകുവാൻ അവനെ സഹായിച്ചു. ദൈവം കാറ്റിലോ, ഭൂകമ്പത്തിലോ, തീയിലോ ആയിരുന്നില്ല. പിന്നെയോ സൗമ്യമായ ഒരു സ്വരത്തിൽ. പിന്നീട് ദൈവം ഏലീയാവിനെ ഒരു വേല ഏല്പിക്കുകയും അവന് ഉറപ്പ് നല്കുകയും ചെയ്തു.

**വായിക്കുക: എബ്രാ. 2:1; 3:12–14; 5:11–6:3; 10:19–25. വിശ്വാസികൾ എന്തു ചെയ്യണമെന്നാണ് പൗലൊസ് നിർദ്ദേശിക്കുന്നത്?**

അവരുടെ ആദിമ വിശ്വാസവും ബലവും വീണ്ടെടുക്കുന്നതിന് അപ്പൊസ്തലൻ വായനക്കാർക്ക് നല്കിയ നിരവധി നിർദ്ദേശങ്ങൾ നമുക്ക് എബ്രായറിലുടനീളം കാണാനാകും. പൗലൊസ് ഊന്നിപ്പറയുന്ന ഒരു വശം അവരുടെ സഹവിശ്വാസികളുടെ ഭൗതികമായ ആവശ്യങ്ങളെക്കുറിച്ചുള്ള കരുതലാണ്. അവൻ നിർദ്ദേശിക്കുന്നത് അവർ ആതിഥേയത്വം ശീലിക്കണമെന്നും തടവറയിലുള്ളവരെ സന്ദർശിക്കണമെന്നുമാണ്. ഇതു സൂചിപ്പിക്കുന്നത് അവരുടെ ആവശ്യങ്ങൾ നിറവേറണമെന്നാണ്. ദൈവം അവരെ ഉപേക്ഷിക്കയില്ല എന്ന് ഓർത്തുകൊണ്ട് ഔദാര്യമുള്ളവരായിരിക്കാൻ അപ്പൊസ്തലൻ വായനക്കാരെ ആഹ്വാനം ചെയ്യുന്നു (എബ്രാ. 13:1–6). പൗലൊസ് അവരെ ശാസിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ക്രമേണ ഒഴുകിപ്പോകാതിരിക്കാൻ അവൻ അവരെ താക്കീത് ചെയ്തു (എബ്രാ. 2:1). "അവിശ്വാസമുള്ള ദുഷ്ടഹൃദയം" ഉണ്ടായിരിക്കുതെന്നും അവൻ പറഞ്ഞു (എബ്രാ. 3:12). അവരുടെ വിശ്വാസത്തിന്റെ തിരിച്ചറിവിൽ വളരുവാനും അവൻ പ്രോത്സാഹിപ്പിച്ചു (എബ്രാ. 5:11–6:3). സഭായോഗങ്ങളിൽ സ്ഥിരമായി സംബന്ധിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും അവൻ പരാമർശിച്ചു (എബ്രാ. 10:25). ചുരുക്കത്തിൽ, അവർ ഒന്നിച്ചു മുന്നേറണമെന്നും അന്യോന്യം പ്രോത്സാഹിപ്പിക്കണമെന്നും സ്നേഹത്തിലും സൽപ്രവൃത്തികളിലും മുന്നേറണമെന്നും മാത്രമല്ല പിന്നെയോ അവൻ യേശുവിനെയും അവർക്കുവേണ്ടിയുള്ള സ്വർഗ്ഗീയ സമാഗമനകൂടാരത്തിലെ അവന്റെ ശുശ്രൂഷയെയും ഉയർത്തിക്കാണിച്ചു (എബ്രാ. 8:1,2; 12:1–4).

## ഈ അന്ത്യനാളുകൾ

**വായിക്കുക: എബ്രാ. 1:2; 9:26–28; 10:25, 36–38; 12:25–28. എന്ത് കാര്യമാണ് പൗലൊസ് ഇവിടെ ഊന്നിപ്പറയുന്നത്. പ്രത്യേകിച്ച്, സമയത്തെ സംബന്ധിച്ച്?**

അവന്റെ ആഹ്വാനത്തിന് അത്യാവശ്യകത കൂട്ടുന്ന ഒരു വളരെ പ്രധാനപ്പെട്ട ഘടകം അപ്പൊസ്തലൻ ഊന്നിപ്പറയുന്നു: വായനക്കാർ ജീവിച്ചിരിക്കുന്നത് "ഏറ്റവും അന്ത്യനാളുകളിലാണ്" (എബ്രാ. 1:2). വാഗ്ദത്തങ്ങൾ നിറവേറാൻ പോകയാണ് (എബ്രാ. 10:36–38). നാം കാണാൻ പോകുന്നതുപോലെ ഈ രേഖയിലുടനീളം പൗലൊസ് തന്റെ സദസ്സിനെ വാഗ്ദത്ത നാട്ടിൽ പ്രവേശിക്കുവാൻ തയ്യാറായി. കനാന്റെ അതിർത്തിയിൽ നില്ക്കുന്ന മരുഭൂ തലമുറയോട് താരതമ്യപ്പെടുത്തുന്നു എന്നത് രസകരമാണ്. അവൻ അവരെ ഓർപ്പിക്കുന്നു: "ഇനി എത്രയും അല്പകാലം കഴിഞ്ഞിട്ടു വരുവാനുള്ളവൻ വരും താമസിക്കയുമില്ല" (എബ്രായ 10:37). പിന്നീട് അവൻ അവരെ പ്രോത്സാഹിപ്പിക്കുന്നു. "നാമോ നാശത്തിലേക്കു പിന്മാറുന്നവരുടെ കൂട്ടത്തിലല്ല വിശ്വസിച്ചു ജീവരക്ഷ പ്രാപിക്കുന്നവരുടെ കൂട്ടത്തിലത്രേ ആകുന്നു" (എബ്രാ. 10:39). ഈ അവസാന അഭ്യർത്ഥന വായനക്കാരെയും നമ്മെയും ദൈവത്തിന്റെ വാഗ്ദത്തങ്ങളുടെ പൂർത്തീകരണത്തിന് തൊട്ടുമുമ്പ് ചരിത്രപരമായി അനുഭവിച്ചിട്ടുള്ള അപകടങ്ങളെ ഓർമ്മിപ്പിക്കുന്നു.

സംഖ്യാപുസ്തകം ഇതേ കാര്യത്തെക്കുറിച്ചുതന്നെയാണ് സംസാരിക്കുന്നത്. വേദപുസ്തകരേഖകൾ പറയുന്നത് വാഗ്ദത്തദേശത്ത് പ്രവേശിക്കുന്നതിന് തൊട്ടുമുമ്പ്, യിസ്രായേല്യർക്ക് രണ്ടു പ്രധാന തോൽവികൾ ഉണ്ടായി എന്നാണ്. ആദ്യ പ്രാവശ്യം ഇത് സംഖ്യ 13 ലും 14 ലും രേഖപ്പെടുത്തിയിരിക്കുന്നു. ഇതു പറയുന്നത് നിരവധി നേതാക്കന്മാർ ജനങ്ങളുടെ ഇടയിൽ പരത്തിയ സംശയങ്ങളെക്കുറിച്ചാണ്. ഇതു കാരണം യിസ്രായേല്യരുടെ വിശ്വാസം പരാജയപ്പെട്ടു. ഇതിന്റെ ഫലമായി, ഒരു പുതിയ നേതാവിനെ നിയോഗിച്ച് മിസ്രയീമിലേക്ക് തിരികെ പോകാൻ ജനം തീരുമാനിച്ചു. അവർ കനാനിൽ പ്രവേശിക്കാനിരുന്ന നിമിഷം.

രണ്ടാം തവണ, യിസ്രായേല്യർ കുരുങ്ങിപ്പോയത് ഇന്ദ്രിയതയിലും (ഭോഗ ഭാഗങ്ങൾ) ബാൽപെരിയോരിലുള്ള വ്യാജ ആരാധനയിലുമാണ് (സംഖ്യാ. 24,25). ബിലെയാമിന് യിസ്രായേലിനുമേൽ ഒരു ശാപം കൊണ്ടുവരുവാൻ കഴിഞ്ഞപ്പോൾ, യിസ്രായേലിനെ വ്യാജ ആരാധനയിലേക്കും പാപത്തിലേക്കും നയിച്ച് ദൈവത്തിന്റെ അപ്രീതി അവരുടെമേൽ കൊണ്ടുവരുന്നതിന് സാത്താൻ അവർക്കുമേൽ ലൈംഗിക പരീക്ഷകൾ കൊണ്ടുവന്നു. രണ്ട് അപകടങ്ങൾക്കുമെതിരെ പൗലൊസ് എബ്രായരുടെ വായനക്കാരെ താക്കീത് ചെയ്യുന്നു. ആദ്യം അവരോട് അവരുടെ വിശ്വാസത്തിന്റെ ഏറ്റുപറച്ചിലിൽ മുറുകെപിടിക്കാനും അവരുടെ കണ്ണുകളെ യേശുവിൽ ഉറപ്പിക്കാനും (എബ്രാ. 4:14; 10:23; 12:1–4). രണ്ടാമതായി, അവൻ അവരെ അധാർമ്മികതയ്ക്കും മോഹത്തിനും (അത്യാഗ്രഹം) എതിരെ ആഹ്വാനം ചെയ്യുന്നു (എബ്രാ. 13:4–6). ഒടുവിലായി, അവൻ അവരോട് അവരുടെ നേതാക്കന്മാരെ നിരീക്ഷിക്കാനും അനുസരിക്കാനും ആഹ്വാനം ചെയ്യുന്നു (എബ്രാ. 13:7,17).

മരിച്ചവരുടെ അവസ്ഥയെക്കുറിച്ചുള്ള നമ്മുടെ അറിവിനെ കണക്കിലെടുത്തുകൊണ്ടും നാം മരണത്തിൽ കണ്ണടച്ചു കഴിയുമ്പോൾ, നാം അടുത്തതായി അറിയുന്നത് രണ്ടാം വരവാണ് എന്ന് കരുതിയാൽ – എല്ലാ മനുഷ്യരും "അന്ത്യനാളുകളിൽ" ജീവിച്ചിട്ടുണ്ട് എന്ന് നമുക്ക് എങ്ങനെ പറയാൻ കഴിയും?

## കൂടുതൽ പഠനത്തിന്

എന്തുകൊണ്ടാണ് ആദിമ ക്രിസ്ത്യാനികൾ പീഡനം സഹിച്ചത് എന്നതിനെക്കുറിച്ച് ഡേവിസ് എ. ഡിസിൽവാ വ്യക്തമായി വിശദീകരിക്കുന്നു. ക്രിസ്ത്യാനികൾ സ്വീകരിച്ചുപോന്ന ജീവിതശൈലി സാമൂഹ്യവിരുദ്ധവും വിധ്വംസകവുമായി പോലും കണക്കാക്കപ്പെട്ടിരിക്കാം. ദേവന്മാരോടുള്ള കൂറ് പ്രകടിപ്പിക്കുന്ന യാഗങ്ങളിൽ ശക്തിയോടെയുള്ള പങ്കെടുക്കൽ പോലുള്ളവ ഭരണകൂടത്തോടും അധികാരത്തോടും സുഹൃത്തുക്കളോടും കുടുംബത്തോടുമുള്ള ഒരു കൂറിന്റെ അടയാളമായി കരുതിപ്പോന്നു. സമൂഹത്തെ സമ്പന്നവും സ്ഥിരവുമാക്കി സൂക്ഷിക്കുന്ന ബന്ധങ്ങളോടുള്ള ഒരു സമർപ്പണമായിരുന്നു. ദേവകളെ ആരാധിക്കുന്നതിന്റെ ഒരു അടയാളം. ഇവയിൽനിന്നും വിട്ടുനിന്നപ്പോൾ ക്രിസ്ത്യാനികൾ (യെഹൂദരെപ്പോലെ) സംശയത്തോടെ വീക്ഷിക്കപ്പെടുകയും നിയമലംഘകരും വിധ്വംസക ഘടകങ്ങളുമായി സാമ്രാജ്യത്തിനുള്ളിൽ കണക്കാക്കപ്പെട്ടു." - Preservance in gratitude (Grand Rapids, MI: Eerdmans Publishing Company, 2000) P. 12.

"നിരാശരായവർക്ക് ഉറപ്പായ ഒരു പ്രതിവിധിയുണ്ട് - വിശ്വാസം, പ്രവൃത്തി, പ്രാർത്ഥന. വിശ്വാസവും പ്രവൃത്തിയും ഉറപ്പും സംതൃപ്തിയും നല്കും, അത് ദിനന്തോറും വർദ്ധിച്ചുവരും. ഉത്കണ്ഠാജനകമായ മുൻകരുതലിനും അല്ലെങ്കിൽ തികഞ്ഞ നിരാശയ്ക്കും അടിമപ്പെടുവാൻ നിങ്ങൾ പരീക്ഷിക്കപ്പെടുന്നുവോ? ഏറ്റവും ഇരുണ്ട ദിനങ്ങളിൽ, കാഴ്ചകളെല്ലാം ഏറ്റവും വിലക്കുള്ളതായി തോന്നിയാലും ഭയപ്പെടേണ്ട. ദൈവത്തിൽ വിശ്വാസമുണ്ടായിരിക്കുക. അവന് നിങ്ങളുടെ ആവശ്യങ്ങൾ അറിയാം. അവൻ സർവ്വശക്തനാണ്. അവന്റെ അനന്തമായ ദയയും സ്നേഹവും ഒരിക്കലും ക്ഷീണിച്ചുപോകുന്നില്ല. അവൻ തന്റെ വാഗ്ദത്തം നിറവേറ്റില്ല എന്ന് ഭയപ്പെട്ടത്. അവൻ നിത്യസത്യമാണ്. അവനെ സ്നേഹിക്കുന്നവരോട് അവൻ ചെയ്ത ഉടമ്പടി അവൻ ഒരിക്കലും മാറ്റില്ല. അവന്റെ വിശ്വസ്തദാസന്മാരുടെ മേൽ അവരുടെ ആവശ്യം അനുസരിച്ചുള്ള കാര്യക്ഷമത അവൻ അളവിൽക്കവിഞ്ഞ് വർഷിക്കും. അപ്പൊസ്തലനായ പൗലൊസ് സാക്ഷ്യം പറയുന്നു: "അവൻ എന്നോട്: എന്റെ കൃപ നിനക്കു മതി; എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്നു പറഞ്ഞു. ആകയാൽ ക്രിസ്തുവിന്റെ ശക്തി എന്റെമേൽ ആശ്വസിക്കേണ്ടതിനു ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും. അതുകൊണ്ട് ഞാൻ ക്രിസ്തുവിനുവേണ്ടി ബലഹീനതകളിൽ പ്രശംസിക്കും. അതുകൊണ്ട് ഞാൻ ക്രിസ്തുവിനുവേണ്ടി ബലഹീനത, കൈവേല, ബുദ്ധിമുട്ട്, ഉപദ്രവം, ഞെരുക്കം എന്നിവ സഹിപ്പാൻ ഇഷ്ടപ്പെടുന്നു. ബലഹീനനായിരിക്കുമ്പോൾ തന്നെ ഞാൻ ശക്തനാകുന്നു" (2 കൊരി. 12:9,10).

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

1. **നമ്മുടെ ക്രിസ്തീയ സമർപ്പം കാരണം നമുക്ക് "വ്യത്യസ്ഥരായിക്കാനും" അതേ സമയം മറ്റുള്ളവരിൽനിന്നും വേർപ്പെട്ടവർ" ആയിരിക്കാനും കഴിയുമോ? അങ്ങനെ എങ്കിൽ എങ്ങനെ?**
2. **വേദപുസ്തകത്തിലെ "ഉദ്ബോധനം" എന്ന വാക്ക് ശാസന എന്നോ പ്രോത്സാഹനം എന്നോ സൂചിപ്പിക്കാം. നിരാശനായിരിക്കുന്ന ഒരു വ്യക്തിയെ ശാസിക്കുന്നതിൽ നാം എന്തു ശ്രദ്ധിക്കണം?**
3. **എബ്രായരുടെ, വായനക്കാരുടെ അനുഭവവും വെളി. 3:14–22 ലെ ലവൊദീക്ക്യ സഭയും തമ്മിൽ എന്ത് സമാനതകളാണ് നിങ്ങൾ കാണുന്നത്? 2000 വർഷങ്ങൾക്കുശേഷം ഇന്ന് നമ്മുടെ അനുഭവം അവരുടേതുമായി സാമ്യപ്പെട്ടിരിക്കുന്നു. ഈ സമാനതകളിൽനിന്ന് നമുക്ക് എന്ത് പഠിക്കാൻ കഴിയും?**